"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി - വൈപ്പിൻ നിയോജക മണ്ഡലത്തിലെ മാലിപ്പുറം പാലം പുനർനിർമ്മാണം - ജലപാതകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് നിഷ്കർഷിച്ചിട്ടുള്ള വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡത്തിൽ ഇളവ് നൽകുന്നത് -അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.42/2024/CSIND തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:- 1. സ.ഉ (കൈ) നം.10/2019/സി.എസ്.ഐ.എൻ.ഡി, തീയതി 20/12/2019.

2. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 09/07/2024, 28/10/2024 തീയതികളിലെ W4-141/സി.ഇ/ഐ.എൻ/2023 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ജലപാതകൾക്കും, ഫീഡർ കനാലുകൾക്കും കുറുകെയുള്ള നിർമ്മിതികൾക്ക് വെർട്ടിക്കൽ/ ഹൊറിസോണ്ടൽ ക്ലിയറൻസ് നിഷ്കർഷിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ഫീഡർ കനാലുകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് വേലിയേറ്റ നിരപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. എറണാകുളം ജില്ലയിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയിലെ മാലിപ്പുറം പാലം വീതികൂട്ടി പുനർനിർമ്മിക്കുന്നതിന് വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡത്തിൽ ഇളവ് നൽകണമെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. മാലിപ്പുറം പാലത്തിന്റെ അടിയിലൂടെ ഒഴുകുന്ന മാലിപ്പുറം കനാൽ ഒരു ഫീഡർ കനാൽ ആണെന്നും സ്ഥലപരിശോധന നടത്തിയതിൽ പാലം പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത ഫീഡർ കനാൽ ഭാഗത്തുകൂടി ചെമ്മീൻ കെട്ട് പാടത്തേയ്ക്ക് പോകുന്ന ചെറുവള്ളങ്ങൾ മാത്രമേ പോകുന്നുള്ളു എന്നും ടി ഭാഗത്ത് നിന്ന് കടലിലേയ്ക്ക് വളരെ കുറച്ച് ദൂരം മാത്രമാണ് ഉള്ളതെന്നും പ്രസ്തുത ഭാഗത്ത് നിന്നും ഏകദേശം 800 മീ. കിഴക്കോട്ട് മാറിയാണ് കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത കടന്നുപോകുന്നതെന്നും ഇക്കാര്യങ്ങൾ പരിഗണിച്ച് മാലിപ്പുറം പാലം

പുനർനിർമ്മിക്കുമ്പോൾ വേലിയേറ്റ നിരപ്പിൽ നിന്നും 2.00 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നിലനിർത്തി ജലപാതയ്ക്ക് തടസ്സം വരാത്ത രീതിയിൽ പാലം പുനർനിർമ്മിക്കുന്നതിനുള്ള അനുമതി നൽകാമെന്നും ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈപ്പിൻ നിയോജക മണ്ഡലത്തിലെ വൈപ്പിൻ പള്ളിപ്പുറം സംസ്ഥാന പാതയിലെ മാലിപ്പുറം പാലം വീതികൂട്ടി പുനർനിർമ്മിക്കുമ്പോൾ വേലിയേറ്റ നിരപ്പിൽ നിന്നും 2.00 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നിലനിർത്തി ജലപാതയ്ക്ക് തടസ്സം വരാത്ത രീതിയിൽ നിർമ്മാണം നടത്തുന്നതിന് പരാമർശം (1) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി നിരാക്ഷേപപത്രം/അനുമതി നല്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, കൊല്ലം.
മാനേജിംഗ് ഡയറക്ടർ/ചീഫ് എഞ്ചിനീയർ, കിൽ, XI/318E,കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ബിൽഡിംഗ്സ്, കൊച്ചി എയർപോർട്ട് പി.ഒ, കേരള.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( എ2/114/2024/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V.
സെക്ഷൻ ഓഫീസർ
Date: 19-11-2024 10:21:41

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സി.എസ്.ഐ.എൻ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ യ്ക്ക്.